# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

**സംഗ്രഹം**

ബോണ്ട് വച്ച് ഗ്രാറ്റുവിറ്റി നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ ആർ.ഒ.സി14351/15/പെൻഷൻ നന്തൻകോട് 9 -3-2018

---

**ഉത്തരവ്**

വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് കേരള സർക്കാരിന്റെ 2.11.2011 ലെ 77/2011/ധന., 21.6.14 ലെ 64/14/ധന. എന്നീ സർക്കുലറുകൾ പ്രകാരമുള്ള നടപടികൾ തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ കീഴിലുള്ള എസ്റ്റാബ്ളിഷ്മെന്റ്, മരാമത്ത്, ക്ഷേത്ര ജീവനക്കാർ ഉൾപ്പെടെ എല്ലാ വിഭാഗം ജീവനക്കാർക്കും ബാധകമാക്കിയും ആയതിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനും ആഡിറ്റ് തടസ്സ വാദങ്ങൾ നീക്കം ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ 200/- രൂപയുടെ ബോണ്ട് പേപ്പറിൽ **അനുബന്ധം 1** പ്രകാരം സേവന കാലത്തെ ഏതെങ്കിലും സാമ്പത്തിക ബാദ്ധ്യത ആഡിറ്റിൽ കണ്ടെത്തുന്ന പക്ഷം പ്രസ്തുത ബാദ്ധ്യത തിരിച്ചടച്ചു കൊള്ളാമെന്നും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ പ്രകാരം എന്റെ പേരിലുള്ളതോ എനിക്ക് അവകാശപ്പെട്ടതോ ആയ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും ഈടാക്കാവുന്നതാണെന്നുമുള്ള സമ്മത പത്രം സമർപ്പിക്കുന്ന പക്ഷം (പകർപ്പ് ചേർക്കുന്നു) ഡി.സി.ആർ. ജി നൽകുന്നതിന് അനുവദിച്ചും , അച്ചടക്ക നടപടി നേരിടുന്നവരോ, ക്രിമിനൽ കേസിൽ ഉൾപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ള ജീവനക്കാരുടെ താൽക്കാലിക പെൻഷൻ എത്രയായിരിക്കണമെന്നതു സംബന്ധിച്ച് കെ.എസ്.ആർ പാർട്ട്- 3 ചട്ടം 3 A (a) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പെൻഷൻ അനുവദിക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തിയും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

Jayasree. S

സെക്രട്ടറി

വിവരമറിവാനും വേണ്ട നടപടിക്കുമായി പകർപ്പ് :-

1) ദേവസ്വം കമ്മീഷണർ
2) ദേവസ്വം അക്കൗണ്ട്സ് ആഫീസർ.
3) ചീഫ് എൻജിനീയർ (ജനറൽ)
4) ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ.
5) ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
6) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ
7) അസിസ്റ്റന്റ് ആഡിറ്റ് ആഫീസർ.
8) എക്സിക്യൂട്ടീവ് ആഫീസർ,ശബരിമല.
9) ഇ.ഡി.പി. സെക്ഷൻ
10) സെക്ഷൻ ഫയൽ